# ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

**ഹാജർ : അർച്ചന കെ ബാബു , ന്യായാധികാരി, ഗ്രാമ ന്യായാലയം, വൈക്കം**

തീയതി 9/9/23

ST No. 767/22 Cr.No. 1425/22

വാദി :- കേരളാ സർക്കാരിന് വേണ്ടി സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, വൈക്കം പോലീസ് സ്റ്റേഷൻ

പ്രതി :- വിനോദ് വി സി, S/o ചന്ദ്രൻ, വടക്കേനികരത്തിൽ വീട്, തണ്ണീർമുക്കം വടക്ക് കര, തണ്ണീർമുക്കം വടക്ക് വില്ലേജ്

കുറ്റം :- ഇന്ത്യൻ ശിക്ഷാനിയമം 279, 337, 338 വകുപ്പുകൾ

കുറ്റാരോപണത്തിനുള്ള ഉത്തരം :- കുറ്റം ചെയ്തിട്ടുണ്ട്

കണ്ടെത്തൽ :- കുറ്റം ചെയ്തിട്ടുണ്ട്

## വിധിന്യായം

1.ഇന്ത്യൻ ശിക്ഷാനിയമം (ഐപിസി) 279, 337, 338 വകുപ്പുകൾ പ്രകാരം പോലീസ് ഈ കേസിലെ പ്രതി /പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചതിൽ വച്ച് ഉത്ഭവിച്ച കേസാണിത്.

2.പ്രതി കോടതി മുൻപാകെ ഹാജരായില്ല. പ്രതി നേരിട്ട് കോടതിയിൽ ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കുവാനും പ്രതിക്ക് വേണ്ടി അഭിഭാഷകൻ കുറ്റസമ്മതം നടത്തുവാൻ അനുവദിക്കാനുമായി അപേക്ഷ നൽകി.പ്രോസിക്യൂഷൻ ഹാജരാക്കിയ രേഖകളുടെ പകർപ്പുകൾ നൽകി. പ്രതി ചെയ്ത കുറ്റകൃത്യം പ്രതിക്ക് വേണ്ടി അഭിഭാഷകന് വായിച്ചു വിവരിച്ചു കേൾപ്പിച്ചു . പ്രതി കുറ്റം സമ്മതിക്കുന്നതായി അഭിഭാഷകൻ കോടതി മുൻപാകെ ബോധിപ്പിച്ചു . പ്രതി സ്വമേധയാ ആണ് അഭിഭാഷകൻ മുഖേന കുറ്റംസമ്മതം നടത്തിയതെന്ന് കോടതിക്ക് ബോധ്യപ്പെട്ടു .

3.ആയതിനാൽ പ്രതിക്കെതിരെ ഇന്ത്യൻ ശിക്ഷ സംഹിതയുടെ 279, 337, 338 വകുപ്പുകൾ പ്രകാരം പ്രതി കുറ്റക്കാരനാണ് എന്ന് ഇതിനാൽ ഉത്തരവാകുന്നു.ആയതിനാൽ ഇന്ത്യൻ ശിക്ഷ സംഹിതയുടെ 279 വകുപ്പ് പ്രകാരം 500 രൂപയും 337 വകുപ്പ് പ്രകാരം 500/-രൂപയും 338 വകുപ്പുപ്രകാരം 500/-രൂപയും ........ആകുിലെ ........വകുപ്പുപ്രകാരം ......../- രൂപയും(ആകെ 1500/-)പിഴയടക്കുന്നതിനായി പ്രതിയെ ശിക്ഷിച്ച് ഉത്തരവിടുന്നു .ടി പിഴ അടക്കാതെ പ്രതി വീഴ്ച വരുത്തിയാൽ ടിയാൻ 25 ദിവസം വീതം വെറും തടവ് ശിക്ഷകൂടി അനുഭവിക്കേണ്ടതാണ്.

4.ഈ കേസിലെ വിധിയിന്മേൽ അപ്പീൽ കൊടുക്കുവാന് പ്രതിക്ക് നിയമപരമായ അവകാശം ഇല്ല.

(9/9/23 തീയതിയിൽ തുറന്ന കോടതിയിൽ ഈ വിധി പ്രഖ്യാപിച്ചിട്ടുള്ളതാണ്)

GRAM NYAYALAYA ഗ്രാമ ന്യായാലയ ... 686 143

ന്യായാധികാരി (ഇൻ ചാർജ്ജ്)